**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3062** **18-03-2022 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിലെ തീരദേശ സ്കൂളുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ മണ്ഡലത്തിൽ തീരദേശത്തെ സ്കൂളുകളുടെ നവീകരണത്തിനായി ഫിഷറീസ് വകുപ്പ് നടപ്പാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | ഗുരുവായൂർ മണ്ഡലത്തിൽ തീരദേശത്തെ സ്കൂളുകളുടെ നവീകരണത്തിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ക്രമ നം. പദ്ധതി അടങ്കൽ തുക (ലക്ഷത്തിൽ) നിലവിലെ അവസ്ഥ 1 ഗവണ്മെന്റ് ഫിഷറീസ് അപ്പർ പ്രൈമറി സ്കൂൾ, മന്ദലംകുന്ന് - പുനരുദ്ധാരണം 68.53 പദ്ധതിയുടെ സിവിൽ പ്രവർത്തികൾ പൂർത്തീകരിച്ചു. വൈദ്യുതീകരണ പ്രവൃത്തികൾ നടപ്പി ലാക്കുന്നതിനുള്ള ടെണ്ടർ നടപടി കൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പുലിമുട്ട് നിർമ്മാണത്തിന്റെ ഭാഗമായി ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിലെ തീരദേശത്ത് തകർന്ന റോഡുകളുടെ പുനർനിർമ്മാണത്തിന് ഫിഷറീസ് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | തീരസംരക്ഷണത്തിന് KIIFB പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന തീരദേശ സംരക്ഷണ ത്തിനു വേണ്ടിയുള്ള പുലിമുട്ടുകളുടെ നിർമ്മാണം പൂർത്തിയായതിനുശേഷം ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിലെ തകർന്ന തീരദേശ റോഡുകളുടെ നവീകരണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ